"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ - പ്രാദേശിക സാമ്പത്തിക വികസനം - ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥ ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2255/2023/LSGD തീയതി,തിരുവനന്തപുരം, 16-11-2023

---

പരാമർശം:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 21.08.2023ലെ 1141/SRG/2023 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമ/ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ്സിഡി, ധനസഹായം മറ്റ് അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 6.5.2(എ) ക്രമ നമ്പർ 4 അനുസരിച്ച് സ്ത്രീകളുടെ മാത്രം തൊഴിൽ സംരംഭങ്ങൾക്ക് 75% (പരമാവധി 375000 രൂപ) സബ്സിഡിയായി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഖണ്ഡികയിലെ ക്രമ നമ്പർ 19, 20 എന്നിവ പ്രകാരം വനിതകളുടെ സ്വയംതൊഴിൽ സംരംഭങ്ങളായ പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ യൂണിറ്റുകൾ, ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് അടങ്കൽ തുകയുടെ 50% (പരമാവധി 150000 രൂപ) മാത്രമേ നൽകുവാൻ കഴിയുകയുള്ളൂ. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ സ്വയംതൊഴിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിൽ ആശയക്കുഴപ്പവും ആഡിറ്റ് തടസ്സങ്ങൾക്കും ഇടയാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പരാമർശിത ഉത്തരവിലെ ഖണ്ഡിക 6.5.2(എ) ക്രമ നമ്പർ 19, 20 ഖണ്ഡികകൾ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| | | | | |
|---|---|---|---|---|
| 19 | പഴം, പച്ചക്കറികൾ, സുഗന്ധ വ്യഞ്ജനങ്ങൾ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങൾ, സംസ്കരണ | സ്ത്രീകളുടെ മാത്രം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം | 75% (പരമാവധി 3,75,000 രൂപ) | 1. 18 മുതൽ 59 വയസ്സുവരെയുള്ള തൊഴിൽ രഹിതരായിരിക്കണം.<br>2. കുറഞ്ഞത് രണ്ട് പേർ ഉൾക്കൊള്ളുന്ന കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പുകൾക്കും ജെ.എൽ.ജി |
| | | മറ്റുള്ള ഗ്രൂപ്പ് സംരംഭം | 50% (പരമാവധി 2,50,000 രൂപ) | |

| | | | | |
|---|---|---|---|---|
| | യൂണിറ്റുകൾ | | | ഗ്രൂപ്പുകൾക്കും മറ്റ് വനിതാ/ പുരുഷ ഗ്രൂപ്പുകൾക്കുമാണ് അർഹത<br>3. പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൂലധന ചെലവാണ് സബ്സിഡി നൽകുന്നതിന് ആധാരമാക്കേണ്ടത്.<br>4. എല്ലാ തലങ്ങളിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്റ്റ് എടുക്കാവുന്നതാണ് .<br>5. FSSAI നിയമം പ്രകാരമുള്ള നിബന്ധനകൾ പാലിക്കണം<br>6. ഒന്നോ അതിലധികമോ ഫുഡ് പ്രോസസിംഗ് ഒരു യൂണിറ്റിൽ തന്നെ നടത്താവുന്നതാണ്. |
| 20 | ഫുഡ് പ്രോസസിംഗ് യൂണിറ്റ് | സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭം | 75% (പരമാവധി 3,75,000 രൂപ) | |
| | | മറ്റുള്ള ഗ്രൂപ്പ് സംരംഭം | 50% (പരമാവധി 2,50,000 രൂപ) | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

13. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
15. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
16. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
17. എല്ലാ ജില്ലാകളക്ടർമാർക്കും
18. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 16-11-2023 15:40:26

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്